പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ - 469

01.07.2013 ന് മറുപടിയ്ക്ക്

## സ്പെഷ്യൽ വെപ്പൺസ് ആൻഡ് ടാക്റ്റിക്സ് ടീം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി<br>,, ലൂഡി ലൂയിസ്<br>,, പി. എ. മാധവൻ<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| എ). നഗരങ്ങളിലെ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് സ്പെഷ്യൽ വെപ്പൺസ് ആന്റ് ടാക്റ്റിക്സ് ടീം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്; രാജ്യത്തെ പ്രമുഖ നഗരങ്ങളിൽ ഉണ്ടാകുന്ന തീവ്രവാദ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ നഗര സുരക്ഷയുടെ ഭാഗമായി അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനായി സ്വിഫ്റ്റ് ആക്ഷൻ ടീം (SWAT) എന്നപേരിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ തലസ്ഥാന നഗരമായ തിരുവനന്തപുരത്താണ് പ്രസ്തുത ടീം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ രൂപീകരണത്തിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

(മറുപുറം)

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഉപകരണങ്ങളും, കമാണ്ടോ പരിശീലനങ്ങളും പ്രസ്തുത ടീമിന് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| സി) | കുറ്റകൃത്യങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ എന്തെല്ലാം നടപടികളാണ് ടീം കൈക്കൊള്ളുന്നത്; വിശദമാക്കുമോ; | സി) | നഗര സുരക്ഷയെ ബാധിക്കുന്ന പ്രശ്നങ്ങളിലും, കുറ്റകൃത്യങ്ങളിലും വളരെ വേഗത്തിൽ ഇടപെടുന്നതിനും, പരിഹാരം കാണുന്നതിനുമായിട്ടാണ് SWAT രൂപീകരിക്കുന്നത്. ഇതിനായി പ്രസ്തുത ടീമിന് കമാണ്ടോ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | ഈ സംവിധാനത്തിന് ജനങ്ങളുടെ ഇടയിൽ വേണ്ടത്ര പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ? | ഡി) | SWAT രൂപീകൃതമാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് ജനങ്ങൾക്കിടയിൽ പ്രചാരണം നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ